ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **കഴിഞ്ഞ 10 വർഷത്തിനിടെ ലോകത്തെ ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം നടത്തി ഇന്ത്യയിലെ 250 ദശലക്ഷം ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കാൻ കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**

   **Prime Minister Narendra Modi said that India has run the world's largest poverty eradication drive in the last 10 years and has pulled 250 million people out of poverty.**

2. **ലോക് സഭാ തിരഞ്ഞെടുപ്പിന്റെ ഒന്നും രണ്ടും ഘട്ട പ്രചാരണം രാജ്യത്ത് ഊർജ്ജിതം. പ്രചാരണാർത്ഥം പ്രധാനമന്ത്രി ഇന്ന് ഉത്തരാഖണ്ഡും രാജസ്ഥാനും സന്ദർശിക്കും.**

   **Campaigning has intensified for the first and second phase of Lok Sabha elections in the country. Prime Minister will visit Uttarakhand and Rajasthan today for campaigning.**

3. **തിരഞ്ഞെടുപ്പ് ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ അച്ചടിച്ച് പ്രസിദ്ധീകരിക്കുമ്പോൾ പ്രിന്റിങ്ങ് യൂണിറ്റിന്റെയും പ്രസാധകന്റെയും പേരു വിവരം കൃത്യമായി രേഖപ്പെടുത്തണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.**

   **The Central Election Commission has issued directions that, while printing and publishing election pamphlets and posters, the name of the printing unit and publisher should be accurately recorded.**

4. **സംസ്ഥാനവും തിരഞ്ഞെടുപ്പ് ചൂടിൽ. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ.**

   **The state is also in the election heat. Chief Electoral Officer said that strict action will be taken against those who spread fake news related to the Loksabha elections.**

5. **69 ഇന്ത്യൻ സർവകലാശാലകൾ ക്വാക്വരെല്ലി സൈമണ്ട്സ് ലോക റാങ്കിംഗിൽ ഇടം നേടി. ഏറ്റവും ഉയർന്ന റാങ്കുള്ള ഇന്ത്യൻ സർവകലാശാലയായി ജെ.എൻ.യു.**
   **A total of 69 Indian universities made to the world university rankings list by Quacquarelli Symonds. JNU emerged as the highest ranked Indian university.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ പരാജയപ്പെടുത്തി.**
   **In IPL Cricket, Gujarat Titans defeated Rajasthan Royals.**

*******************************************

## PM - INTERVIEW

ലോകോത്തര ഉത്പന്നങ്ങൾ നിർമിക്കുന്നതിന് ഏറ്റവും അനുയോജ്യമായ ഇടമായി ആഗോളതലത്തിൽ ഇന്ത്യ പരിഗണിക്കപ്പെടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിതരണ ശൃംഖല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഇന്ത്യ വിശ്വസ്തമായ ലക്ഷ്യസ്ഥാനമാണെന്ന് ഒരു യു എസ് മാസികയ്ക്ക് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. പതിനൊന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയിൽ നിന്ന് അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയിലേക്ക് ഇന്ത്യ കുതിക്കുന്നത് ജനങ്ങൾ കണ്ടെതാണ്. ഇനി മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറാനാണ് ശ്രമമെന്നും പ്രധാനമന്ത്രി പറഞ്ഞു. ബഹിരാകാശം, നിർമിത ബുദ്ധി, ഹരിതോർജ്ജം, സെമി കണ്ടക്ടർ, മറ്റ് ഭാവി സാങ്കേതിക വിദ്യകൾ തുടങ്ങിയ മേഖലകളിൽ ഇന്ത്യ മുന്നേറുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ പത്ത് വർഷത്തിനിടെ ലോകത്തെ ഏറ്റവും വലിയ ദാരിദ്ര്യ നിർമാർജന യജ്ഞം ഇന്ത്യ നടത്തുകയും 250 ദശലക്ഷം ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുകയും ചെയ്തു. **സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്,**

**സബ്കാ പ്രയാസ്** എന്ന മുദ്രാവാക്യവുമായാണ് കേന്ദ്ര സർക്കാർ പ്രവർത്തിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു.

***************************************************

## CAMPAIGNING – (INTRO)

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾക്കായുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി തുടരുന്നു.

### കൂടുതൽ വിവരങ്ങൾ...

### – (VOICE....)

വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി പൊതുയോഗങ്ങളിലും റോഡ് ഷോകളിലും പങ്കെടുക്കുകയാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്നലെ തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. തമിഴ്നാട്ടിലെ കോയമ്പത്തൂരിലും വെല്ലൂരിലും ഇന്നലെ നടന്ന സമ്മേളനങ്ങളെ അഭിസംബോധന ചെയ്യവെ, കഴിഞ്ഞ 10 വർഷത്തിനിടെ എൻഡിഎ സർക്കാർ തമിഴ്നാടിന്റെ വികസനത്തിനായി ലക്ഷക്കണക്കിന് കോടി രൂപയാണ് നിക്ഷേപിച്ചതെന്ന് മോദി പറഞ്ഞു. ഡിഎംകെ

അധ്യക്ഷനും മുഖ്യമന്ത്രിയുമായ എംകെ സ്റ്റാലിൻ ഐഎൻഡിഐഎ സഖ്യത്തിന്റെ പ്രചാരണത്തിനായി തേനി, ഡിണ്ടിഗൽ ജില്ലകളിൽ പൊതുയോഗങ്ങളെ അഭിസംബോധന ചെയ്തു. ഈ ലോക്സഭാ തിരഞ്ഞെടുപ്പ് രണ്ട് ആശയങ്ങൾ തമ്മിലുള്ള പോരാട്ടമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. ഒരു വശത്ത് എല്ലായ്പ്പോഴും ഇന്ത്യയെ

ഒന്നിപ്പിച്ച കോൺഗ്രസ് ആണെന്നും മറുവശത്ത് എല്ലായ്പ്പോഴും ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നവരാണെന്നും സോഷ്യൽ മീഡിയ പോസ്റ്റിൽ അദ്ദേഹം അവകാശപ്പെട്ടു.മുസ്ലീം വ്യക്തി നിയമം പുനഃസ്ഥാപിക്കുന്നതിനെ കുറിച്ച് വീണ്ടും സംസാരിക്കുന്ന കോൺഗ്രസ് പ്രീണന രാഷ്ട്രീയത്തിൽ ഏർപ്പെടുകയാണെന്ന് മുതിർന്ന ബിജെപി നേതാവ് അമിത് ഷാ ആരോപിച്ചു.
ഗയ ജില്ലയിലെ ഗുരാരുവിൽ ഒരു പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു ഷാ.
ന്യൂസ്ഡെസ്ക്, ആകാശവാണി...

*******************************************

## PM-UTTRAKHAND VISIT

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഉത്തരാഖണ്ഡിലെത്തും. ഡെറാഡൂണിലെ ഋഷികേശിലെത്തുന്ന അദ്ദേഹം തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. ടെഹ്റി, ഹരിദ്വാർ, പൗരി എന്നീ മൂന്ന് ലോക്സഭാ മണ്ഡലങ്ങളിലെ ബി ജെ പിയുടെ പ്രചാരണത്തിനായിയാണ് പ്രധാനമന്ത്രി എത്തുന്നത്. ഉത്തരാഖണ്ഡിലെ 5 സീറ്റുകളിലേക്ക് ഈ മാസം 19 നാണ് വോട്ടെടുപ്പ്. രാജസ്ഥാനിലെ കരൗലിയിലെ തിരഞ്ഞെടുപ്പ് റാലിയിലും പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കുന്നുണ്ട്.

*******************************************

## THIRD PHASE

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ട വോട്ടെടുപ്പിനുള്ള വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. മധ്യപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലേയും

ജമ്മു കശ്മീർ, ദാദ്ര നഗർ ഹവേലി, ദാമൻ ദ്യൂ ഉൾപ്പെടെയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 94 മണ്ഡലങ്ങളിലേക്കാണ് മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ്.

*******************************************

## EC - PRINTER AND PUBLISHER

രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പാക്കാൻ, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ലഘുലേഖകളും മറ്റും അച്ചടിക്കുന്ന പ്രിന്റിങ് യൂണിറ്റുകളുടെയും പ്രസാധകരുടെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും തിരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദ്ദേശം. പ്രിന്റിങ് യൂണിറ്റിൻറെയോ പ്രസാധകന്റെയോ പേരുവിവരം കൃത്യമായി വെളിപ്പെടുത്താതെ തിരഞ്ഞെടുപ്പ് ലഘുലേഖകൾ, പോസ്റ്ററുകൾ, പ്ലക്കാർഡുകൾ, ബാനറുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കാണിച്ച് നിവേദനങ്ങൾ ലഭിച്ചതിനെ തുടർന്നാണ് കമ്മീഷന്റെ നിർദ്ദേശം. പ്രിന്റിന്റെയും പ്രസാധകന്റെയും പേരും വിലാസവും കൃത്യമായി പ്രദർശിപ്പിക്കാതെ തിരഞ്ഞെടുപ്പ് ലഘുലേഖകൾ, പോസ്റ്ററുകൾ, തുടങ്ങിയവ അച്ചടിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും ജനപ്രാതിനിധ്യ നിയമമനുസരിച്ച് കുറ്റകരമാണ്. പ്രസാധകരുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിലൂടെ തിരഞ്ഞെടുപ്പ് ചിലവുകൾ നിയന്ത്രിക്കുന്നതിനും, പ്രചാരണ സാമഗ്രികളിലെ ഉള്ളടക്കം മാതൃകാ പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമല്ലെന്ന് ഉറപ്പാക്കുന്നതിനും, ഏതെങ്കിലും തരത്തിലുള്ള നിയമ ലംഘനം കണ്ടെത്തിയാൽ ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ നടപടി എടുക്കുന്നതിന് സഹായകരമാകുമെന്നും കമ്മീഷൻ അറിയിച്ചു.

*******************************************

## FAKE NEWS – CEO

കേരളത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യതയെ തകർക്കുന്ന തരത്തിലുള്ള വ്യാജ പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. മാധ്യമങ്ങളിൽ പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമായ വാർത്തകൾ, പെയ്ഡ് ന്യൂസ് എന്നിവ കണ്ടെത്തിയാൽ നിമയാനുസൃതമായ നടപടികൾ സ്വീകരിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

*******************************************

## CONGRESS – LIST

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള രണ്ട് സ്ഥാനാർത്ഥികളുടെ പട്ടിക കൂടി കോൺഗ്രസ് പുറത്ത് വിട്ടു. മഹാരാഷ്ട്രയിലെ ജാൽനയിൽ നിന്ന് ഡോ. കല്ല്യാൺ കാലെയും ധുലെയിൽ നിന്ന് ശോഭാ ദിനേഷ് ബാച് വയും ജനവിധി തേടും.

*******************************************

## BJP - CANDIDATE LIST

ലോക് സഭാ തെരഞ്ഞെടുപ്പിനുള്ള പുതിയ പട്ടിക ബിജെപി പുറത്തിറക്കി. ഒൻപത് സ്ഥാനാർഥികളുടെ പട്ടികയാണ് പാർട്ടി പുറത്ത് വിട്ടത്. ബാല്ലിയ ലോക്സഭാ മണ്ഡലത്തിൽ നിന്ന് രാജ്യസഭാ എം പി നീരജ് ശേഖർ, അലഹാബാദിൽ നിന്ന് നീരജ് ത്രിപാഠി, മെയിൻപുരിയിൽ നിന്ന് ജയ്‌വീർ സിംഗ് താക്കൂർ എന്നിവർ മത്സരിക്കും. സഞ്ജയ് ടാൻഡൺ ചണ്ഡിഗഡിൽ ബിജെപി സ്ഥാനാർഥിയാകും.

അസൻസോളിൽ നിന്ന് എസ് എസ് അഹ്ലൂവാലിയ മത്സരിക്കും.

*******************************************

## NTA - VOTING

വോട്ട് രേഖപ്പെടുത്തിയ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകൾ എഴുതുന്നതിൽ യാതൊരു തടസ്സവും ഉണ്ടാകില്ലെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഇത് സംബന്ധിച്ച് സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത അടിസ്ഥാനരഹിതമാണ്. വോട്ട് രേഖപ്പെടുത്തുമ്പോൾ വിരലിൽ മഷി പുരട്ടുന്നതിനാൽ അത് പരീക്ഷയിൽ വിലക്ക് ഏർപ്പെടുത്തുന്നതിന് കാരണമാകുമെന്ന രീതിയിലായിരുന്നു പ്രചരണം. വിദ്യാർഥികൾ തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും എൻ ടി എ നിർദേശിച്ചു.

*******************************************

## LAKSHADWEEP

രാജ്യത്തെ ഏറ്റവും ചെറിയ ലോക് സഭാ നിയോജക മണ്ഡലമായ ലക്ഷദ്വീപിൽ ഈ മാസം 19-ന് വോട്ടെടുപ്പ് നടക്കും. വിവിധ മുന്നണികളിലെ സ്ഥാനാർത്ഥികൾ പ്രചരണ രംഗത്ത് സജീവം.

*******************************************

## RAJYA SABHA – OATH

പുതുതായി തിരഞ്ഞെടുക്കപ്പെട്ട പത്ത് രാജ്യസഭാംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. ന്യൂഡൽഹിയിലെ പാർലമെന്റ് മന്ദിരത്തിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ സത്യവാചകം ചൊല്ലിക്കൊടുത്തു. ബിജെപിയുടെ മായങ്ക്ഭായ് ജയദേവ് ഭായ് നായക്, ശിവസേനയുടെ മിലിന്ദ് മുരളി ദേവ്‌ര, കോൺഗ്രസിന്റെ രേണുക ചൗധരി, സമാജ്‌വാദി പാർട്ടിയുടെ രാംജി ലാൽ സുമൻ, ത്രിണമൂൽ കോൺഗ്രസിന്റെ സാഗരിക ഘോഷ് എന്നിവരാണ് പുതിയ എംപിമാർ.

*********************************************

## HEAT WAVE – KERALA

കേരളത്തിൽ ഉയർന്ന ചൂട് തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. ഞായറാഴ്ച വരെ പാലക്കാട് ജില്ലയിൽ താപനില 41°C വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*********************************************

## UNIVERSITY RANKINGS – (INTRO)

69 ഇന്ത്യൻ സർവ്വകലാശാലകൾ ക്വാക്വരെല്ലി സൈമണ്ട്സ് ലോക റാങ്കിംഗിൽ ഇടം നേടി. ഏറ്റവും ഉയർന്ന റാങ്കുള്ള ഇന്ത്യൻ സർവ്വകലാശാലയായി ഡെൽഹി ജവാഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി തിരഞ്ഞെടുക്കപ്പെട്ടു.

**വിശദാംശങ്ങളിലേക്ക്.....**

**– (VOICE.....)**

ലണ്ടൻ ആസ്ഥാനമായുള്ള ഉന്നത വിദ്യാഭ്യാസ അപഗ്രഥന സ്ഥാപനമായ ക്വാക്വരെല്ലി സൈമണ്ട്സ് പുറത്തിറക്കിയ ലോക സർവ്വകലാശാലാ റാങ്കിംഗ് പട്ടികയിൽ ജവഹർലാൽ നെഹ്റു സർവകലാശാല ഏറ്റവും ഉയർന്ന റാങ്കുള്ള ഇന്ത്യൻ സർവകലാശാലയായി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് -അഹമ്മദാബാദ്, ബിസിനസ്സ്, മാനേജ്മെന്റ് പഠന മേഖലയിലെ ലോകത്തെ മികച്ച 25 സ്ഥാപനങ്ങളിൽ ഒന്നായി. ഐഐഎം-ബാംഗ്ലൂരും കൽക്കട്ടയും ആദ്യ 50-റാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട്. ആർട്സ് - ഹ്യുമാനിറ്റീസ്, എഞ്ചിനീയറിംഗ് - ടെക്നോളജി, ലൈഫ് സയൻസസ്, നാച്ചുറൽ സയൻസസ്, സോഷ്യൽ സയൻസസ് എന്നീ അഞ്ച് മേഖലകളിലായി 1,500 ലധികം സർവകലാശാലകളിലെ 16,400-ലധികം പാഠ്യ വിഷയങ്ങളിലെ പ്രകടനവുമായി ബന്ധപ്പെട്ട് നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടിക തയ്യാറാക്കിയത്.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

*********************************************

## FUR. REV. NT. IPL CRICKET

ഐ പി എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് രാജസ്ഥാൻ റോയൽസിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*******************************************

## BADMINTON ASIA CHAMPIONSHIP

ഏഷ്യാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വനിതാ സിംഗിൾസ് പ്രീക്വാർട്ടറിൽ ഇന്ത്യൻ താരം പി.വി. സിന്ധു ഇന്ന് ചൈനയുടെ ആറാം സീഡ് ഹാൻ യുവെയെ നേരിടും. ലോക 33-ാം നമ്പർ താരം മലേഷ്യയുടെ ഗോ ജിൻ വെയ്യെ പരാജയപ്പെടുത്തിയാണ് സിന്ധു പ്രീക്വാർട്ടറിൽ പ്രവേശിച്ചത്. വനിതാ ഡബിൾസിൽ അശ്വിനി പൊന്നപ്പയും ഇന്ന് മത്സരിക്കാനിറങ്ങുന്നുണ്ട്.

*******************************************

## SABARIMALA

മേട മാസപൂജകൾക്കും വിഷു പൂജകൾക്കുമായി ശബരിമല നട ഇന്നലെ തുറന്നു. ഇന്ന് പുലർച്ചെ പതിവു പൂജകൾ ആരംഭിച്ചു.

*******************************************

## EID-UL FITR

ഉത്തരേന്ത്യയിൽ ഇസ്ലാം മതവിശ്വാസികൾ ഇന്ന് ഈദുൽ ഫിത്തർ ആഘോഷിക്കുന്നു. വിവിധയിടങ്ങളിൽ നടക്കുന്ന ഈദ് ഗാഹുകളിലും പള്ളികളിലെ നമസ്ക്കാരങ്ങളിലും വിശ്വാസികൾ പങ്കെടുക്കും. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ആശംസകൾ നേർന്നു. സ്നേഹത്തിൻറെയും സാഹോദര്യത്തിന്റെയും സന്ദേശമാണ് ചെറിയ പെരുന്നാൾ നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൌപദി മുർമ്മു പറഞ്ഞു. കാരുണ്യം, ഐക്യം തുടങ്ങിയവയുടെ

മൂല്യങ്ങൾ ഓർമ്മപ്പെടുത്തുന്ന അവസരമാണ് ഈദുൽ ഫിത്തറെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ സന്ദേശത്തിൽ ആശംസിച്ചു. സമാധാനവും സാഹോദര്യവും പരത്തുന്ന അവസരമായി ചെറിയ പെരുന്നാൾ മാറട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

*********************************************

## DUBAI - EID CELEBRATIONS

ദുബായിൽ ഈദ് ആഘോഷങ്ങളുടെ ഭാഗമായി നടന്ന വെടിക്കെട്ട് ആകാശത്ത് ദൃശ്യവിസ്മയം ഒരുക്കി. ചെറിയ പെരുന്നാൾ ആഘോഷങ്ങൾക്കിടെ നിരവധി പേരാണ് ഈ കരിമരുന്ന് പ്രയോഗം കാണാൻ ഒത്തു കൂടിയത്. മുസ്ലീം പള്ളികളിൽ പെരുന്നാൾ നമസ്ക്കാരം നടന്നു.

*********************************************

## LAKSHADWEEP – QUAKE

ലക്ഷദ്വീപ് കടലിൽ നേരിയ ഭൂചലനം.  റിക്ടർ സ്കെയിലിൽ 4.1 രേഖപ്പെടുത്തിയ ഭൂചലനം അർദ്ധരാത്രി 12.15 നാണ് അനുഭവപ്പെട്ടത്. ഭൂചലനത്തിന്റെ പ്രഭവ കേന്ദ്രം കവരത്തിയിൽ നിന്ന് 63 കിലോമീറ്റർ തെക്ക് ഭാഗത്തായാണ്.

*********************************************

*******************************

*******************